# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂത്തേടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ എം പി എം 5/1700/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 5/1700/2023 തീയ്യതി: 08/09/2023

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 11-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2023 | 22-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-07-2023 | 22-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൽ ജലീൽ ടി പി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ മുഹമ്മദ് സലീം ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാമകൃഷ്ണൻ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹസ്ന വി സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ഉസ്മാൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഡി.നൗഷാദലി | സെക്രട്ടറി | 01-04-2022 | 20-09-2022 |
| ശ്രീമതി സുജ എ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 02-10-2022 |
| ശ്രീ.ഡി.നൗഷാദലി | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജ.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 06-11-2022 |
| ശ്രീ വിനോദ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 19-07-2022 |
| ശ്രീ അരുൺ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 20-07-2022 | 31-03-2023 |
| ഡോ.നാഫിയ.കെ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൽ റസാക്ക് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-05-2022 |
| ഡോ ബീന റസാക്ക് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2022 | 26-08-2022 |
| ഡോ അബ്ദുൽ നാസർ ഇ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 27-08-2022 | 31-03-2023 |
| ഡോ.സബ്ന ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ ശ്യാം എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേഷ്മ.ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റഹ്മത്ത്.കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അമലി ജെറി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ നിജാസ് എ | വി ഇ ഒ | 01-04-2022 | 31-03-2023 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | തൊഴിലുറപ്പ് പദ്ധതി വരവു ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തമില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-4 |
| 6 | ബജറ്റ്. | 1-2 |
| 7 | സാമ്പത്തിക വിശകലനം. | 1-3 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം. | 1-12 |
| 17 | ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ആയി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ കളക്ഷന് നൽകാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. | 1-13 |
| 18 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല. | 1-14 |
| 19 | ചുങ്കത്തറ ഡയാലിസിസ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 20 | ഭവനം വാസയോഗ്യമാക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-16 |
| 21 | ഭവനം വാസയോഗ്യമാക്കൽ പദ്ധതി (എസ് സി )- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-17 |
| 22 | ലൈഫ് ഭവനപദ്ധതി - നിർമ്മാണം ആരംഭിച്ചില്ല. | 1-18 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി യുസി ലഭ്യമായില്ല. | 1-19 |
| 24 | നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ | 1-20 |

| | | |
|---|---|---|
| | ഈടാക്കിയില്ല. നഷ്ടം 18857 രൂപ | |
| 25 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി, നഷ്ടം 4874 രൂപ | 1-21 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല. | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; നഷ്ടം 4874 രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് മൂത്തേടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.06.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 30.06.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 14-08-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തൊഴിലുറപ്പ് പദ്ധതി വരവു ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തമില്ല.

തൊഴിലുറപ്പ് പദ്ധതി വരവു ചെലവുകൾ താഴെ പറയും പ്രകാരം വാർഷിക കണക്കിൽ ഉൾപ്പെട്ട തുകയും സെക്രട്ടറി ലഭ്യമാക്കിയ കണക്കും തമ്മിൽ താഴെ പറയും പ്രകാരം തുക വ്യത്യാസം

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | വാർഷിക കണക്ക് പ്രകാരം തുക | 9659 | 2269662 | 2279321 | 912195 | 1367126 |
| | സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം തുക | 240029 | 2269691 | 2509691 | 1142565 | 1367126 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്ന തുക | സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം തുക | 240000 | 49638000 | 49878000 | 49764000 | 114000 |
| | വാർഷിക കണക്ക് പ്രകാരം ആകെ റവന്യൂ ചെലവ് - 10,18,07,321<br>സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം മൊത്തം ചെലവ് - 5,39,78,765 (ആസ്തിയാക്കി മാറ്റിയ 42,14,765 + 49764000) | | | | | |

## 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ 72117/-രൂപ ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2 ബജറ്റ്.

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 26-03-2022 | 2 തീയതി. 10-03-2023 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 1,86,23,685.50 |
| വരവ് | 30,14,08,118 |
| ആകെ | 32,00,31,803.50 |
| ചെലവ് | 27,16,33,069 |
| നീക്കിയിരിപ്പ് | 4,83,98,734.50 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 26397403 | 26397403 | 23506477 | 2890926 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 3035982 | 3035982 | 3010150 | 25832 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 2590138 | 2590138 | 2272036 | 318102 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 13895000 | 13895000 | 10504835 | 3390165 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 7336000 | 7336000 | 6640118 | 695882 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 4501000 | 4501000 | 4259656 | 241344 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 10381048 | 10381048 | 6791169 | 3589879 |
| ബി ഫണ്ട് | 0 | 38104000 | 38104000 | 38104000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 182 | 223480049 | 131 | 102589889 | 0 | 51 | 71.97 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9659 | 2269662 | 2279321 | 912195 | 1367126 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 100895126 | 100895126 | 100895126 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5128400 | 466 |
| വിധവാപെൻഷൻ | 11387600 | 1052 |
| വാർദ്ധക്യകാലപെൻഷൻ | 16468000 | 1597 |
| വികലാംഗപെൻഷൻ | 4791200 | 438 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 268800 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2023 ന് 10.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 109612/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ വഴി പണം നൽകിയതിന്റെ

യുടിആർ നമ്പരോട് കൂടിയ അക്നോളഡ്ജ്മെന്റ് സൂക്ഷിച്ചിട്ടില്ല.

3. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻസർ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനിയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2004-05 മുതൽ 2009-10 വരെ | 14.02.2011 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 18 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൂത്തേടം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 11.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2(1) നമ്പർ തീരുമാന പ്രകാരം 15.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും കുറഞ്ഞ നിരക്കാണ് ഓരോയിനം കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് പ്രാഥമിക നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) 11.05.2023 ലെ പഞ്ചായത്ത് ഭരണസമിതി

യോഗം 2(3) നമ്പർ തീരുമാന പ്രകാരം 15.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്ല്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് കൈപ്പറ്റുകയാണ് ചെയ്യുന്നത്.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 655 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്  .

ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം

നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

മറ്റിനങ്ങൾ.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 7 ാം വാർഡിൽ വരക്കോട് എന്ന സ്ഥലത്തുള്ള 50 സെന്റ് സ്ഥലം (ആധാരം നമ്പർ 1094/04) ഉപയോഗയോഗ്യമാക്കാതെ കിടക്കുകയാണ്. മൂത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1186 ൽ ഉൾപ്പെട്ട ഈ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ ഉപയോഗപ്രദമാക്കാവുന്നതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 6/199.7.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി [A2/4112/23 Date 20.7.2023] പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ കുഴൽ കിണർ നിർമ്മാണം(139) | 2021-22 | GWD | 68467 | Own Fund | 0 | 64687 |
| 2 | വല്ലടിമുണ്ട വട്ടപ്പാടം നെല്ലിക്കുത്ത് അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം(146) | 2021-22 | GWD | 54818 | Plan Fund (CFC Grant ) | 0 | 54818 |

| | |
|---|---|
| ആകെ | 119505 |

ക്രമ നമ്പർ 1 പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധികമായി അടവാക്കേണ്ടി വന്ന 39985 രൂപയും ക്രമ നമ്പർ 2 പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധികമായി അടവാക്കേണ്ടി വന്ന 32132 രൂപയും കൂടി ആകെ 72117 രൂപ 2022-23 ലെ പ്രൊജക്റ്റ് നമ്പർ 202/23 പ്രകാരം (വികസനഫണ്ട് - ജനറൽ) ഭൂജലവകുപ്പിൽ അടവാക്കിയിട്ടുണ്ട്. (ബിൽ നമ്പർ 221519520091004470l/23.8.2022). 2 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല എന്നും തുടർന്നുകൊണ്ടിരിക്കുകയുമാണെന്ന വിവരം ഭൂജലവകുപ്പ് അറിയിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തികളിലായി ആകെ 191622/- (119505 + 72117) രൂപ ഭൂജലവകുപ്പിൽ അവശേഷിക്കുന്നുണ്ട്. ആയത് വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗിക്കാത്ത തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്. സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ആയി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ കളക്ഷന് നൽകാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയിലേക്ക് കൗ ലിഫ്റ്റും കാഫ് പുള്ളറും വാങ്ങൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ലഭിച്ച താഴെ പറയുന്ന പ്രകാരമുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ബാങ്കിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ഡി.ഡി നമ്പർ/തീയതി | തുക | സ്ഥാപനത്തിന്റെ പേര്. | വരവിനം. |
|---|---|---|---|---|
| 1 | 081054/03.02.2023 | 1000 | SURGCHEM, Unity Building, Mannadiar Lane, Thrissur. | ഇ.എം.ഡി |
| 2 | 190808/07.02.2023 | 1000 | AABIS COW CARE, Vengara, Malappuram. | ഇ.എം.ഡി |
| 3 | 081084/08.03.2023 | 5000 | SURGCHEM, Unity Building, Mannadiar Lane, Thrissur. | സെക്യൂരിറ്റി ഡിപ്പോസിറ്റ്. |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം പഞ്ചായത്തിന് ലഭിച്ച എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി രസീത് നൽകേണ്ടതാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 33 (1) പ്രകാരം ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് എന്നീ രൂപങ്ങളിൽ സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ നിർദ്ദേശിക്കപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ മുകളിൽ പറഞ്ഞ ഡിമാന്റ് ഡ്രാഫ്റ്റുകൾ ലഭിച്ചപ്പോൾ രസീതി നൽകുകയോ, ബന്ധപ്പെട്ട അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. മൂന്ന് മാസത്തിനു ശേഷം ഡിമാന്റ് ഡ്രാഫ്റ്റ് കാലഹരണപ്പെട്ട് പോകും എന്നുള്ളതിനാൽ മേൽ ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 8/21.07.2023) അറിവില്ലായ്മ കൊണ്ടാണ് അപാകതകൾ സംഭവിച്ചതെന്നും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് ലഭിച്ച എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി രസീത് നൽകേണ്ടതും ആയത് യഥാസമയം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-14 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 11/23 - പി.എച്ച്.സി യിലേക്ക് മരുന്ന്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക | 2,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>10,00,000/- രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| വിനിയോഗിച്ച തുക | 12,00,000/- രൂപ. |

2022-23 സാമ്പത്തിക വർഷത്തിൽ പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം 12,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | ബിൽ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | പ്രൊഫോർമ ഇൻവോയിസ് നമ്പർ/തീയതി & തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22151952033200394465/06.08.2022 | 10,00,000/- | PRF1024/12.08.2022 – 8,86,437/-<br>PRF1025/16.08.2022 – 1,13,563/- |
| 2 | 22151952033200394473/06.08.2022 | 2,00,000/- | PRF1026/16.08.2022 – 2,00,000/- |

എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/19.07.2023) മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും, പല പ്രാവശ്യം ആവശ്യപ്പെട്ടത് പ്രകാരം മരുന്ന് ഉടൻ ലഭ്യമാക്കുന്നതാണെന്ന് KMSCL അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചുങ്കത്തറ ഡയാലിസിസ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 62/23 |
| പേര് | : ചുങ്കത്തറ ഡയാലിസിസ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക (₹) | : 9,00,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 9,00,000/- രൂപ |
| ബിൽ നമ്പർ / തീയതി | : 22151952033201352961 തീയതി.15.03.2023 - 9,00,000/- രൂപ. |

ചുങ്കത്തറ ഡയാലിസിസ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകൽ എന്ന ഈ പ്രൊജക്റ്റ് പ്രകാരം ചുങ്കത്തറ സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 9,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.7/19.07.2023) വിനിയോഗ സാക്ഷ്യപത്രം സി.എച്ച്.സി യിൽ നിന്ന് ലഭിച്ചാലുടൻ ഹാജരാക്കാമെന്ന് എന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 ഭവനം വാസയോഗ്യമാക്കൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 2/23

ഭവനം വാസയോഗ്യമാക്കൽ പദ്ധതി(ജനറൽ)

അടങ്കൽ തുക

975000 –പ്ലാൻ ഫണ്ട്

1125000 – ധനകാര്യ കമ്മീഷൻ അവാർഡ്

ആകെ 2100000

വിനിയോഗിച്ച തുക – 9,75,000 (പ്ലാൻ -ജനറൽ)

- 11,25,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ആകെ - 21,00,000

നിർവ്വഹണം - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ബിൽ നം. 34/22-23/ 18.03.23 – 75,000

ബിൽ നം. 30/22-23/ 15.03.23 – 75,000

ബിൽ നം. 29/22-23/ 15.03.23 – 75,000

ബിൽ നം. 22/22-23/ 25.02.23 – 1,50,000

ബിൽ നം. 20/22-23/ 06.02.23 – 37,500

ബിൽ നം. 19/22-23/ 01.02.23 – 4,50,000

ബിൽ നം. 14/22-23/ 10.01.23 – 1,12,500

XVFC/22-23/P/73/19.12.22 – 1,50,000

XVFC/22-23/P/68/14.10.22 – 1,50,000

XVFC/22-23/P/55/21.07.22 – 75,000

XVFC/22-23/P/52/15.07.22 –2,25,000

XVFC/22-23/P/37/05.07.22 – 5,25,000

28പേർക്ക് 75,000 രൂപ വീതം ഭവനം വാസയോഗ്യമാക്കുന്നതിനായി പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/22/തസ്വഭവ തീയ്യതി 28.05.22 പ്രകാരം വീട് നിർമ്മിച്ച് കുറഞ്ഞത് എട്ടു വർഷമെങ്കിലും കഴിഞ്ഞവർക്കാണ് ധനസഹായത്തിന് അർഹതയുള്ളു. കൂടാതെ ഓവർസീയർ /എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | അപാകത |
|---|---|---|
| 1 | ആമിന വയരംവളപ്പിൽ മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല. ഭവനത്തിന്റെ കാലപ്പഴക്കം വ്യക്തമല്ല. |
| 2 | സൗദാബി ആനങ്ങാടൻ ചോലമുണ്ട കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 3 | അബ്ദുൾകരീം അയിനാർകുണ്ടിൽ താളിപ്പാടം .നമ്പൂരിപ്പോട്ടി പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 4 | അബ്ദുസമദ് ആറങ്ങോടൻ നെല്ലിക്കുത്ത് , മൂത്തേടം | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 5 | സുലൈഖ കടമ്പോടൻ താളിപ്പാടം കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 6 | നഫീസ കോലാർവീട്ടിൽ നെല്ലികുത്ത് ,<br>നമ്പൂരിപ്പോട്ടി പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 7 | കുഞ്ഞിമൊയ്തീൻ മറ്റത്തൂർ കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 8 | ആയിഷ കടായിക്കോടൻ ,ചെമ്മന്തിട്ട മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 9 | ആയിഷ കുമ്പളകുഴിയിൽ മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല,കാലപ്പഴക്കം വ്യക്തമല്ല. |
| 10 | നബീസ പൂന്നല വീട് കുറ്റിക്കാട് മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 11 | ഷഹിന വലിയവീട്ടിൽ പാലാങ്കര പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല,കാലപ്പഴക്കം നാല്യ വർഷം |
| 12 | ജിബി വർഗ്ഗീസ് മാങ്കൂട്ടത്തിൽ<br>മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല,കാലപ്പഴക്കം ഒരു വർഷം |
| 13 | ലീലാമണി കണ്ണോത്തുകടി ചെമ്മന്തിട്ട മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 14 | നബീസ മൂവായിരത്തിൽ കാരപ്പുറം, കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല. കാലപ്പഴക്കം വ്യക്തമല്ല. |

കോളം 3 ലെ അപാകത പരിഹരിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (11/2022-23/21.07.23 )മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 10,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 ഭവനം വാസയോഗ്യമാക്കൽ പദ്ധതി (എസ് സി )- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

.പ്രോജക്റ്റ് നം. 95/23

ഭവനം വാസയോഗ്യമാക്കൽ പദ്ധതി(എസ് സി )

<u>അടങ്കൽ തുക</u>

1100000/-[ പ്ലാൻ ഫണ്ട്(എസ്.സി.പി)]

വിനിയോഗിച്ച തുക – 11,00,000 (പ്ലാൻ - എസ് സി പി )

ആകെ - - 11,00,000

നിർവ്വഹണം - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ബിൽ നം. 40/22-23/ 28.03.23 – 1,50,000

ബിൽ നം. 11/22-23/ 10.12.22 – 3,00,000

ബിൽ നം. 9/22-23/ 10.11.22 – 3,00,000

ബിൽ നം. 8/22-23/ 19.10.22 – 2,50,000

ബിൽ നം. 3/22-23/ 23.09.22 – 1,00,000

11പേർക്ക് 1,00,000 രൂപ വീതം ഭവനം വാസയോഗ്യമാക്കുന്നതിനായി പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/22/തസ്വഭവ തീയ്യതി 28.05.22 പ്രകാരം വീട് നിർമ്മിച്ച് കുറഞ്ഞത് എട്ടു വർഷമെങ്കിലും കഴിഞ്ഞവർക്കാണ് ധനസഹായത്തിന് അർഹതയുള്ളു.കൂടാതെ ഓവർസീയർ /എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണം എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | അപാകത |
|---|---|---|
| 1 | ഓമന മഞ്ഞപ്പറ്റ ബാലകുളം കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല. |
| 2 | ലക്ഷ്മി എമ്പാല മുണ്ടക്കോടൻ, കൽകുളം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല.കാലപ്പഴക്കം വ്യക്തമല്ല. |
| 3 | നാരായണൻ പൂക്കോടൻ പനമ്പറ്റ കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 4 | ശ്രീധരൻ ഇളംകുറ്റിൽ ബാലകുളം കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല.കാലപ്പഴക്കം വ്യക്തമല്ല. |
| 5 | സുകുമാരൻ പൂളിക്കപ്പറമ്പിൽ കാരപ്പുറം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |
| 6 | ശ്യാമള ചെമ്പ്രടിയിൽ ചെമ്മന്തിട്ട മൂത്തേടം പി ഒ | മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരം ഇല്ല |

കോളം 3 ലെ അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( 12/2022-23/21.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 6,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ലൈഫ് ഭവനപദ്ധതി - നിർമ്മാണം ആരംഭിച്ചില്ല.

പ്രോജക്റ്റ് നം.215/23

ലൈഫ് മിഷൻ 2020 എസ് സി ഭവനനിർമ്മാണം

വിനിയോഗിച്ച തുക – 8,00,000 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നം. 32/2022-23/ 18.03.23 – 8,00,000രൂപ

പദ്ധതി പ്രകാരം 20 പേർക്ക് 2022-23 വർഷത്തിൽ പുതിയ എഗ്രിമെന്റ് വെച്ച് 40,000രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ ആരും തന്നെ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം ആരംഭിക്കുകയോ ചെയ്തതായി കാണുന്നില്ല. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം13/2022-23 /21.07.23)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തി യുസി ലഭ്യമായില്ല.

2022-2023 വർഷം താഴെ പറയുന്ന പ്രൊജക്റ്റുകളിൽ പണം സർക്കാർ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട് .

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ഏജൻസി | വൗച്ചർ/ബിൽ നമ്പർ |
|---|---|---|---|---|
| 1 | സ്ട്രീറ്റ്മെയിൻ വലിക്കൽ ( പ്രൊ. നം. 1/23) | 786200 | കെ.എസ്.ഇ.ബി. | 22200882/28.3.2023 |

മേൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി അറിയിച്ചിട്ടില്ല. വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക 786200/-രൂപ തടസ്സം ചെയ്യുന്നു.

## 1-20 നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല. നഷ്ടം 18857 രൂപ

നി.ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തിയുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് ചമച്ചതെങ്കിലും കരാർ തുകയുടെ 1% പിഴ ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: അങ്കണവാടി കെട്ടിടങ്ങളുടെ പൂർത്തീകരണം (Spill Over Project), 42/23.

അടങ്കൽ: 2129000 രൂപ (M G Non-Road ഗ്രാന്റ്+ തനത് ഫണ്ട്)

കരാറുകാരൻ: അബ്ദുൾ ഹമീദ് പി

കരാർ: 62/AE/LSGD/MTDM/21-22/20-4-22

PAC: 18,85,654 രൂപ

ചെലവ്: 1724553 രൂപ

BRN: 22151952033000440730/22-8-22: Rs 700000

BRN: 22151952033000525241/12-9-22: Rs 440549

BRN: 22151952033000992160/4-1-23: Rs 417387

ചെക്ക് നമ്പർ 1622402/5-1-23: Rs 166617

സെലക്ഷൻ നോട്ടീസ്: നമ്പർ- ഇല്ല/തീയതി-ഇല്ല.

സെലക്ഷൻ നോട്ടീസ് കരാറുകാരൻ നേരിട്ട് കൈപ്പറ്റിയ തീയതി: 31-3-22

പിഴയില്ലാതെ കരാർ ചമക്കേണ്ട അവസാന തീയതി: 14-4-22

പിഴയോടു കൂടി കരാർ ചമക്കേണ്ട അവസാന തീയതി: 24-4-22

കരാർ ചമച്ച തീയതി: 20-4-22

ഈടാക്കേണ്ട പിഴ( PAC യുടെ 1%): 18856.54 Rounded To: 18857 രൂപ.

മേൽ പ്രകാരം പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും പിഴ കരാറുകാരനിൽ നിന്നീടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 1/14-7-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 18857 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി, നഷ്ടം 4874 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താളിപ്പാടം സൊസൈറ്റിപ്പടി അഷറഫ് പടി റോഡ് കോൺക്രീറ്റ്,( 52/23) എന്ന പ്രവൃത്തിക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018, C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, ഈ പ്രവൃത്തി 21-7-23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ആയവക്ക് സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Od 269037/22-23 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 4874/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരത്തിന് ഭാഗം 3 കാണുക.

### 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

2022-2023 വർഷം താഴെ പറയുന്ന പ്രൊജക്ടുകളിൽ പ്രവൃത്തികൾക്കായി പണം സർക്കാർ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട് . എന്നാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ ഈ തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല. ഈ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ഏജൻസി | വൗച്ചർ/ബിൽ നമ്പർ |
|---|---|---|---|---|
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലും നെല്ലിക്കത്ത് അംഗനവാടിയിലും കുഴൽ കിണർ നിർമ്മാണം( പ്രൊ. നം. 202/23) വിഹിതം നൽകൽ | 72117 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 22151952009100942972/22.12.22 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; നഷ്ടം 4874 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018, C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, ഈ പ്രവൃത്തി 21-7-23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ആയതിന് സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Od 269037/22-23 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 4874/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2016,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

| പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|
| താളിപ്പാടം സൊസൈറ്റിപ്പടി അഷറഫ് പടി റോഡ് കോൺക്രീറ്റ്, 52/23<br>അടങ്കൽ: 300000 രൂപ<br>( വികസനഫണ്ട്-ജനറൽ)<br>കരാറുകാരൻ: ശ്രീ സനീദ് റാഫി സി കെ<br>കരാർ: 45/22-23/20-2-23<br>(10.00% Below ER)<br>ചെലവ്: 263329 രൂപ<br>BRN: | 20.396 M3 | 20.396m3x321.47 = 6556.70<br>(-) Tendervariation 10.0%: 655.67<br>ബാക്കി: 5901.03<br>(+) 18% GST: = 1062.18<br>ആകെ: 6963.21<br>കുറിപ്പ്: കോൺക്രീറ്റ് ചെയ്ത റോഡിന്റെ ആകെ നീളം- 45.10 M; അതിൽ ഒരു ഭാഗം മുഴുവനായും മറുഭാഗം 17.80മീറ്റർ നീളത്തിലും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല. അതായത് 70% ചെയ്തിട്ടില്ല.<br>ആയതിനാൽ അധികം നൽകിയ തുക 70% |

| | | |
|---|---|---|
| 221519520330015107 94/28-3-22<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 26-3-23<br>MORD-2018,C I 36.44% | | ആയി പരിമിതപ്പെടുത്തിയത്:<br>6963.21 X 70% = 4874.24 രൂപ<br>Rounded= 4874 രൂപ |
| | ആകെ | 4874 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 4874 രൂപ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 14/22-7-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം 4874 രൂപ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 800000 | ലൈഫ് മിഷൻ 2020 പട്ടികജാതി-215/23 | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 1925000 | ലൈഫ് ഭവനം സ്ഥലം വാങ്ങി നൽകൽ- 206/23 | 1925000 | 0 |
| ജില്ലാ പഞ്ചായത്ത് | 480000 | ലൈഫ് മിഷൻ ഭവനപദ്ധതി പട്ടിക വർഗ്ഗം – 142/23 | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവനപദ്ധതി ജനറൽ 44/23 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 420000 | ലൈഫ് ഭവനപദ്ധതി ജനറൽ 73/23 | 420000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 24/23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 550000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 24/23 | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവനപദ്ധതി ജനറൽ 44/23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 255000 | സമഗ്ര നെൽകൃഷി വിതരണ പദ്ധതി 81/23 | 255000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക (₹) | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|

| | | | (₹) | | | |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(1/23) | വൗച്ചർ 22200882/28-03-2023 | 786200 | 0 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 786200 |
| GWD | ബഡ്സ് റീഹബിലിറ്റേഷൻ സെന്ററിലും നെല്ലിക്കുത്ത് അംഗനവാടിയിലും കുഴൽ കിണർ നിർമ്മാണം( പ്രൊ. നം. 202/23) വിഹിതം നൽകൽ | 22151952009100942972 /22.12.22 | 72117 | 0 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 72117 |
| | | ആകെ | 858317 | 0 | | 858317 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ലഭ്യമല്ല | 55331557 | 39400000 | 4610503 | 0 | 90121054 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 117354/- രൂപയാണ് വരവുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2019-20 | 1-18 ക്രമ നം.2 | 5944 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100481 തി.08.06.2022 |
| 2019-20 | 1-18 ക്രമ നം.1 1-24 | 61129 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100500 തി.10.06.2022 |
| 2019-20 | ഓഡിറ്റ് എൻക്വയറി | 23963 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100523 തി.15.06.2022 |
| 2019-20 | 1-24 | 11998 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100581 തി.22.06.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി | 6782 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100539 തി.17.06.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി | 150 | സെക്രട്ടറി | 1220100558 തി.18.06.2022 |

| | | | | |
|---|---|---|---|---|
| 2021-22 | ഓഡിറ്റ് എൻക്വയറി | 240 | സെക്രട്ടറി | 1220100559 തി.18.06.2022 |
| 2019-20 2020-21 | 19-20 – 1-23 20-21 -3-1 ഓഡിറ്റ് എൻക്വയറി | | അസിസ്റ്റന്റ് എഞ്ചിനീയർ | 1220100571 തി.21.06.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 04/97 - 03/00 10/01 - 03/02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 04/97 - 03/00 10/01 - 03/02 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00 10/01 - 03/02 | 77 | 2003-04 | 3.10.6.2(7) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-7<br>2-2 | 2016-17 | അനുബന്ധം-3<br>അനുബന്ധം-4 | വസ്തു നികുതി<br>തൊഴിൽ നികുതി | നടപടി ആരംഭിച്ചിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 5(1) To 5(10), 18, 20 | ശ്രീ.ഇ.എം.തോമസ്, സെക്രട്ടറി | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 118692 | 600/- രൂപ അടച്ചു. ബാക്കി 1,18,092/- രൂപ. |
| 2 | 2000-01 | 21, 22 | ശ്രീ.വേലായുധൻ | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 44958 | 33,387/- രൂപ അടച്ചു. ബാക്കി 11,571/- രൂപ. |
| 3 | 2007-08 To 2009-10 | 3-27(4) | ശ്രീ.എം.ജി.രാമചന്ദ്രൻ | LF 7342/Sp.Cell /SC/D1/13 Dt. 06.07.2015 | 19500 | തുക പൂർണ്ണമായും അടവാക്കി. |
| 4 | 2000-01 | 7(4),8 | ശ്രീ.ഇ.എം.പ്രകാശൻ | LF 13938/Sp.Cell /SC5/04 Dt. 10.10.2015 | 2029 | 84/- രൂപ അടച്ചു. (11302100650/07.06.2013) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 301408118 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 271633069 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4874 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3336200 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 4874 | ശ്രീ. രാകേഷ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 4874 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ക്രമ നം | ഖണ്ഡിക നം | തുക | ഉത്തരവാദിയ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1-15 | 9,00,000 | ഡോ നാഫിയ കെ,മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ(പി എച് സി) |
| 2 | 1- 16 | 10,50,000 | ശ്രീ. നിജാഷ്.എ ,വി ഇ ഒ |
| 3 | 1-17 | 6,00,000 | ശ്രീ. നിജാഷ്.എ ,വി ഇ ഒ |
| 4 | 1-19 | 786200 | ശ്രീ.ഡി.നൗഷാദലി, സെക്രട്ടറി |
| | ആകെ | 3336200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാകേഷ്.ആർ | അസി.എഞ്ചിനീയർ, | ഗുരുവിഹാർ, കാരക്കോണം (പി.ഒ), തിരുവനന്തപുരം-695504 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം .5/2122(3)/2022 തി.03.10.2022 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം .5/2122(4)/2022 തി.03.10.2022 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം .5/2122(5)/2022 തി.03.10.2022 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം .5/2122(6)/2022 തി.03.10.2022 | 11 |
| 2007-08/08-09/09-10yh | കെ.എസ്.എ.എം.പി.എം .5/2122(7)/2022 തി.03.10.2022 | 22 |
| 2010-11 | കെ.എസ്.എ.എം.പി.എം .5/2122(8)/2022 തി.03.10.2022 | 3 |
| 2011-13 | കെ.എസ്.എ.എം.പി.എം .5/2122(9)/2022 തി.03.10.2022 | 4 |
| 2013-14 | കെ.എസ്.എ.എം.പി.എം .5/2122(10)/2022 തി.03.10.2022 | 4 |
| 2014-15 | കെ.എസ്.എ.എം.പി.എം .5/2122(11)/2022 തി.03.10.2022 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3005/16 തി.17.04.23 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം ..5/1821/17 തി.13.04.2023 | 6 |
| 2017-18 | കെ.എസ്.എ.എം.പി.എം .5/216/19 തി.13.04.2023 | 6 |
| 2018-19 | കെ.എസ്.എ.എം.പി.എം .5/440/2020 തി.10.04.2023 | 2 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.എം.പി.എം .5/823/2022 തി.22.09.2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം .5/1402/2022 തി.22.09.2022 | 10 |
| 2021-22 | കെ.എസ്.എ.എം.പി.എം .5/303/2023 തി.15.05.23 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.8/2023

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 21-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Moothedam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Moothedam Grama Panchayat for the year 2022-2023

Date: 08/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Moothedam Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1. Asset Register is not uptodated.
2. Compliance of accounts rules.
3.Own fund amount of Rs. 2,65,576 is wrongly credited in the head of Nationalised Bank Account
4.Total expenditure shown in the MGNREGS head is not tally with supporting documents produced for verification.
5.Rs. 72,117 deposited with Ground Water Department for Deposit work is wrongly accounted.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്